ഉത്തരം

(എ) നടപടി ക്രമമനുസരിച്ച് ഇത്തരം ഭൂപടങ്ങൾ താലൂക്കാഫീസ് മുഖേനയാണ് ലഭ്യമാക്കേണ്ടത്.

(ബി) ഉണ്ട്.

(സി, ഡി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്ക് കമ്മീഷനെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കാനാവൂ.

റവന്യൂ വകുപ്പിലെ പ്രൊമോഷൻ.

172. [941] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഇപ്പോൾ യഥാസമയം പ്രൊമോഷൻ നടക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) റവന്യൂ വകുപ്പിൽ എച്ച്. സി./ആർ. ഐ./വില്ലേജ് ഓഫീസർമാരുടെ 1-1-2001 മുതൽ 31-12-2003 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) 31-12-2003-ന് ശേഷമുള്ള എച്ച്. സി./ആർ. ഐ./വി. ഒ. മാരുടെ താല്ക്കാലികമോ/സ്ഥിരമോ ആയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ആയത് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ ഡി. പി. സി. കൂടി പ്രൊമോഷൻ നൽകേണ്ട കേഡറിൽ ഒഴികെയുള്ള എല്ലാ കേഡറിലും യഥാസമയം പ്രൊമോഷൻ നൽകിവരുന്നുണ്ട് .

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) റവന്യൂ വകുപ്പിൽ എച്ച്. സി./ആർ. ഐ. / വില്ലേജ് ഓഫീ സർമാരുടെ 1-1-2001 മുതൽ 31-12-2003 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല.

(ഡി) 31-12-2003-ന് ശേഷമുള്ള എച്ച്. സി./ആർ. ഐ. / വി. ഒ. മാരുടെ താല്കാലികമോ/സ്ഥിരമോ ആയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) 1-1-2001 മുതൽ 31-12-2003 വരെയുള്ള എച്ച്. സി./ആർ. ഐ. / വി. ഒ. മാരുടെ താല്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജുകളിൽ ഭൂവുടമകളിൽ നിന്നും നികുതി ഈടാക്കാൻ നടപടി

173. [942] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂരാച്ചുണ്ട്, കാന്തലാട് വില്ലേജുകളിൽ ഭൂവുടമകളിൽ നിന്നും ഭൂനികുതി ഈടാക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂവുടമകളിൽ നിന്നും നികുതി ഈടാക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം പാലിക്കപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ശാശ്വത പരിഹാരത്തിനായുള്ള എന്ത് നടപടി യാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടിയേറ്റ കർഷകർ കൈവശം വച്ചുവരുന്നതും മുൻപ് ഏതെ ങ്കിലും വർഷം അടിസ്ഥാന നികുതി നൽകിയിട്ടുള്ളതുമായ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് 23-2-2005-ലെ സർക്കാർ ഉത്തരവ് നം. 1106/05/ആർഡി പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഭൂമിയെപ്പറ്റി തർക്കമുള്ള പക്ഷം റവന്യൂ വകുപ്പും വനംവകുപ്പും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി തീരുമാനി ക്കേണ്ടതാണെന്ന് 5-5-05 ലെ സർക്കാർ ഉത്തരവ് നം. 2642/05/റവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.